"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിവര പൊതുജന സമ്പർക്ക വകുപ്പ്-"വിഷ്വൽ ഹിസ്റ്ററി ഓഫ് കേരള", പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വിഷ്വൽ ഡോക്യുമെന്റേഷന്റെ ഉള്ളടക്കത്തിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്തി ശിപാർശ സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ ശ്രീ.രാജൻ ഗുരുക്കൾ, ശ്രീ.സനിൽ പി. നായർ എന്നിവരെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി പുനഃ സംഘടിപ്പിച്ച്- ഉത്തരവാകുന്നു.

---

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.81/2023/I&PRD തിരുവനന്തപുരം, 02-08-2023

---

പരാമർശം:-
1. 25.10.2017-ലെ സ.ഉ.(സാധാ)നം.325/2017/ഐ&പി.ആർ
2. 24.01.2023 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം
3. 04.07.2023-ലെ രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ KUDSIT/65/VCO/2023 നമ്പർ കത്ത്

ഉത്തരവ്

"വജ്രകേരളം പദ്ധതി-വിഷ്വൽ ഹിസ്റ്ററി ഓഫ് കേരള'- ഡോക്യുമെന്റേഷനും പുസ്തകപ്രസിദ്ധീകരണവും" എന്ന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വിഷ്വൽ ഡോക്യുമെന്റേഷന്റെയും, പുസ്തകത്തിന്റെയും ഉള്ളടക്കത്തിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തി ശിപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (കൺവീനർ), പ്രൊഫ. എം.ആർ. രാഘവ വാര്യർ, ശ്രീ.ഷാജി എൻ. കരുൺ, പ്രൊഫ. വി. കാർത്തികേയൻ നായർ എന്നിവരെ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി പദ്ധതി അവസാനിക്കുന്നതു വരെ പ്രസ്തുത കമ്മിറ്റിയ്ക്ക് കാലാവധി ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

2. പരാമർശം (2) പ്രകാരം ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാജൻ ഗുരുക്കളെയും, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നോമിനി ആയി ശ്രീ.സനിൽ പി. നായർ, അസിസ്റ്റന്റ് പ്രൊഫസർ-നെയും "വിഷ്വൽ ഹിസ്റ്ററി ഓഫ് കേരള" പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വിഷ്വൽ ഡോക്യുമെന്റേഷന്റെ ആധികാരികത പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ ഉൾപ്പെടുത്തി കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ഡെപ്യൂട്ടിസെക്രട്ടറി

ബന്ധപ്പെട്ട എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർ (വി.സി) മുഖാന്തരം)
വൈസ് ചാൻസലർ, കേരള ഡിജിറ്റൽ സർവ്വകലാശാല, ടെക്നോസിറ്റി ക്യാമ്പസ്, മംഗലപുരം. തോന്നയ്ക്കൽ പി. ഒ., പിൻ- 695 317.
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)
ഡെപ്യൂട്ടി ഡയറക്ടർ (വി സി)
ഇൻഫർമേഷൻ ഓഫീസർ (എ വി ഡി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിവരപൊതുജനസമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ.യ്ക്ക്